## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 20.09.2023 മുതൽ 24.09.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 38/2023 (75) ചൊവ്വാഴ്ച | തീയ്യതി 19/09/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 20.09.2023 | 21.09.2023 | 22.09.2023 | 23.09.2023 | 24.09.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 3 | 2 | 2 | 6 |
| ഉയർന്ന താപനില (°C) | 29 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 81 | 81 | 81 | 81 | 81 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 290 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

**കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.**

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | തണ്ടു തുരപ്പൻ | ട്രൈക്കോഗ്രാമ്മ ജപോണിക്കം എന്ന മുട്ടപരാദത്തിൻറെ ട്രൈക്കോകാർഡുകൾ ഒരു ഹെക്ടറിന് 5 cc നിരക്കിൽ പറിച്ച് നട്ട് 15 മുതൽ 30 ദിവസം വരെ ആകുമ്പോൾ ആഴ്ചതോറും വെക്കുക. |
| നെല്ല് (വിരിപ്പ്) | ചാഴി | രണ്ടാം വിള ചെയ്യുന്നവർക്ക് ഞാറ്റടി തയ്യാറാക്കാനുള്ള സമയമാണിത്. ഒന്നാം കൃഷി വൈകി ഇറക്കിയവർ ചാഴിക്കെതിരെ സംരക്ഷണ നടപടികൾ എടുക്കേണ്ടതാണ്. മത്തി-ശർക്കര മിശ്രിതം 20 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്നുള്ള തോതിൽ തളിക്കാവുന്നതാണ്.അല്ലെങ്കിൽ അസാഡിറാക്ടിൻ (3000 ppm) 10 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കാവുന്നതാണ്. |
| തെങ്ങ് | മണ്ടചീയൽ | നീർവാർച്ച ഉറപ്പുവരുത്തുക. മണ്ടചീയലിന് പ്രതിരോധ നടപടികൾ സ്വീകരിക്കുക |
| ഇഞ്ചി | മൃദു ചീയൽ, തണ്ട് തുരപ്പൻ പുഴു | മൃദു ചീയൽ, തണ്ട് തുരപ്പൻ പുഴു എന്നിവയ്ക്കെതിരെ സംരക്ഷണ നടപടികൾ കൈക്കൊള്ളുക. ബിവേറിയ, സ്യൂഡോമോണസ് എന്നിവ ഒന്നിടവിട്ട ആഴ്ച്ചകളിൽ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കാവുന്നതാണ്. |